**പതിമൂന്നാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011-2014)

**എട്ടാമത് റിപ്പോർട്ട്**

(2012 ഡിസംബർ 20-ാം തീയതി സമർപ്പിച്ചത്)

[2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്ടിൻകീഴിൽ (2009-ലെ 2-ാം ആക്ട്) പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ (984/2009, 756/2011) സംബന്ധിച്ച റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011-2014)

**എട്ടാമത് റിപ്പോർട്ട്**

(2012 ഡിസംബർ 20-ാം തീയതി സമർപ്പിച്ചത്)

[2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്ടിൻകീഴിൽ (2009-ലെ 2-ാം ആക്ട്) പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ (984/2009, 756/2011) സംബന്ധിച്ച റിപ്പോർട്ട്]

17/2013.

<u>ഉള്ളടക്കം</u>


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. എം. ഉമ്മർ

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

ശ്രീമതി മഞ്ജു വർഗീസ്, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് പുറപ്പെടുവിച്ച 984/2009, 756/2011 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സമിതി പഠന വിധേയമാക്കുകയുണ്ടായി. 31-7-2012, 9-8-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ വച്ച് പ്രസ്തുത എസ്.ആർ.ഒ.-കൾ സമിതി വിശദമായി പരിശോധിക്കുകയും അവ സംബന്ധിച്ച് നികുതിവകുപ്പ് സെക്രട്ടറിയിൽ നിന്നും നിയമവകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2012 ഡിസംബർ മാസം 18-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 ഡിസംബർ 20.

# റിപ്പോർട്ട്

## 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്ടിൻകീഴിൽ (2009-ലെ 2-ാം ആക്ട്) പുറപ്പെടുവിച്ച എസ്.ആർ.ഒ.-കൾ സംബന്ധിച്ച്

ഭാഗ്യം പരീക്ഷിക്കുന്നവരുടെ അടുക്കലേക്ക് ഭാഗ്യദേവതയുടെ കൃപാകടാക്ഷം കൊണ്ടുചെന്നെത്തിക്കുന്നവരും സംസ്ഥാന ഖജനാവിലേക്ക് കോടിക്കണക്കിന് രൂപ നേടിക്കൊടുക്കുന്നവരുമാണ് കേരളത്തിലെ ഭാഗ്യക്കുറി ഏജന്റുമാരും വിൽപ്പനക്കാരും. ജോലിയുടെ പ്രത്യേകതയും സാഹചര്യവും കണക്കിലെടുക്കുമ്പോൾ ഇതരമേഖലകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഇവരുടെ പ്രവർത്തനരംഗം. മറ്റ് ഉപജീവന മാർഗ്ഗങ്ങൾ അവലംബിക്കുവാൻ നിർവ്വാഹമില്ലാത്ത കേരളത്തിലെ ലക്ഷക്കണക്കിന് ആൾക്കാർ ഈ മേഖലയിൽ പണിയെടുക്കുന്നു. ഇത്തരത്തിലുള്ള ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും സാമൂഹിക സാമ്പത്തിക ക്ഷേമത്തിനുതകുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക എന്ന സർക്കാരിന്റെ കടമയാണ് ഒരു തരത്തിൽ ഈ ക്ഷേമനിധിയിലൂടെ ചെയ്യുന്നത്. പ്രസ്തുത കടമയുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് കേരള സംസ്ഥാനത്തെ കേരള സർക്കാരിന്റെ പേപ്പർ ഭാഗ്യക്കുറി ഏജന്റുമാരുടെയും പേപ്പർ ഭാഗ്യക്കുറി വിൽപ്പനക്കാരുടെയും ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് ആശ്വാസം നൽകുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റുകാര്യങ്ങൾക്കും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്തുകൊണ്ട് കേരള നിയമസഭ 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്ട് (2009-ലെ 2-ാം ആക്ട്) പാസ്സാക്കിയത്.

2. 12-7-2008 മുതൽ പ്രാബല്യത്തിൽ വന്ന (എസ്.ആർ.ഒ. നമ്പർ 749/2008) 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ഓർഡിനൻസ് റദ്ദാക്കിക്കൊണ്ട് 12-7-2008 മുതൽ പ്രാബല്യം നൽകിയാണ് 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ആക്ട് 5-1-2009-ൽ വിജ്ഞാപനം ചെയ്തത്. പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പാക്കുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് സർക്കാർ 984/2009, 756/2011 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ പുറപ്പെടുവിക്കുകയുണ്ടായി. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ മുൻനിർത്തി 31-7-2012, 9-8-2012 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ വച്ച് പ്രസ്തുത എസ്.ആർ.ഒ.-കൾ സമിതി വിശദമായി പരിശോധിക്കുകയും അവ സംബന്ധിച്ച് നികുതിവകുപ്പ് സെക്രട്ടറിയിൽ നിന്നും നിയമവകുപ്പ്

ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തു. എസ്.ആർ.ഒ.-കളുടെ പരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിക്ക് ബോധ്യപ്പെട്ട കാര്യങ്ങളും സമിതിയുടെ നിഗമനങ്ങളും ശുപാർശകളും ചുവടെ ചേർക്കുന്നു:

എസ്.ആർ.ഒ. നമ്പർ 984/2009, തീയതി 24-11-2009

[ജി. ഒ. (പി) നമ്പർ 209/2009/നി.വ. തീയതി 21-11-2009]

3. ആക്ടിലെ 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു കൊണ്ട് സർക്കാർ 2009-ലെ "കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി പദ്ധതി" വിജ്ഞാപനം ചെയ്യുന്നതിനാണ് എസ്.ആർ.ഒ. നമ്പർ 984/2009 പുറപ്പെടുവിച്ചിട്ടുള്ളത്. ആക്ടിലെ 3-ാം വകുപ്പ് പ്രകാരം ആക്ടിന്റെ പ്രാരംഭത്തിനുശേഷം കഴിയുന്നതും വേഗം സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി "കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമ നിധി പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. 12-7-2008 മുതൽ പ്രാബല്യം നൽകി 5-1-2009-ൽ ആക്ട് വിജ്ഞാപനം ചെയ്തുവെങ്കിലും ആക്ട് പ്രകാരം പദ്ധതി വിജ്ഞാപനം ചെയ്തത് ആക്ട് പ്രാബല്യത്തിൽ വന്ന് 16 മാസങ്ങൾക്ക്ശേഷമാണെന്ന് കണ്ടെത്തിയ സമിതി ആയത് ഗൗരവമായി കാണുകയും ഇത് സംബന്ധിച്ച് വിശദീകരണം ആരായുകയും ചെയ്തു. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരത്തിൽ ഒരു പദ്ധതി നിലവിൽ വരുന്നതെന്നും മറ്റ് സംസ്ഥാനങ്ങളിലൊന്നും ഇത്തരത്തിലുള്ള പദ്ധതി നിലവിലില്ലെന്നും അതിനാൽ പ്രായോഗിക തലത്തിലുള്ള ബുദ്ധിമുട്ടുകൾകൂടി പരിഗണിച്ചുകൊണ്ട് പദ്ധതി രൂപകൽപ്പന ചെയ്യേണ്ടിയിരുന്നതുകൊണ്ടാണ് കാലതാമസമുണ്ടായതെന്നും നികുതിവകുപ്പ് സെക്രട്ടറി വിശദീകരണം നൽകിയെങ്കിലും പ്രസ്തുത മറുപടിയോട് ഒരു തരത്തിലും സമിതിക്ക് യോജിക്കാൻ കഴിഞ്ഞില്ല. സംസ്ഥാനത്ത് നിരവധി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതിനാലും 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ഓർഡിനൻസ് പ്രകാരം പദ്ധതി നിലവിലുണ്ടായിരുന്നതിനാലും (എസ്.ആർ.ഒ. നമ്പർ 1094/2008) ആക്ട് പ്രകാരം പദ്ധതി രൂപീകരണത്തിനായി ഇത്രയേറെ കാലതാമസം വരുത്തേണ്ടതില്ലായിരുന്നുവെന്നും ഇത്തരം സംഭവങ്ങൾ ഭാവിയിൽ ഒഴിവാക്കുവാൻ വേണ്ട കർശനനടപടികൾ സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

4. 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ഓർഡിനൻസ് റദ്ദുചെയ്തുകൊണ്ടുള്ള 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ആക്ടിന് 12-7-2008 മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടും ഓർഡിനൻസ് പ്രകാരം 25-10-2008 മുതൽ പ്രാബല്യം നൽകി വിജ്ഞാപനം ചെയ്ത പദ്ധതി അതിലംഘിച്ചുകൊണ്ട് ആക്ട് പ്രകാരം വിജ്ഞാപനം ചെയ്ത പദ്ധതിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടില്ലെങ്കിലും ആക്ട് പ്രകാരം പദ്ധതി നിലവിൽ വരുന്നതുവരെ ഓർഡിനൻസ് പ്രകാരമുള്ള പദ്ധതി നിലനിൽക്കുമെന്നതിനാൽ ഓർഡിനൻസ് പ്രകാരമുള്ള പദ്ധതിയിലെ അംഗങ്ങൾക്ക് അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുമെന്നും, ആക്ട് പ്രകാരമുള്ള പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ഒരു വർഷത്തിനുശേഷമേ ആനുകൂല്യത്തിന് അർഹതയുള്ളൂവെന്നതിനാൽ പ്രസ്തുത പദ്ധതിക്ക് മുൻകാല പ്രാബല്യം നൽകിയിട്ടില്ല എന്നത് അംഗങ്ങളെ യാതൊരു തരത്തിലും ദോഷകരമായി ബാധിക്കില്ലെന്നുമുള്ള നിയമവകുപ്പിന്റെ വിശദീകരണത്തോടു സമിതി യോജിച്ചു.

5. ആക്ടിലെ വ്യവസ്ഥകളുടെ അന്തഃസത്ത പദ്ധതിയിൽ ഉൾക്കൊണ്ടിട്ടുണ്ടോയെന്നും പദ്ധതിയിൽ എന്തെങ്കിലും പ്രായോഗികമായ പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏത് വിഭാഗത്തിന്റെ ഉന്നമനത്തിനാണോ അത് ലക്ഷ്യമിടുന്നത് പ്രസ്തുത ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അത് പ്രാപ്തമാണോ എന്നത് സംബന്ധിച്ചും സമിതി വിശദമായി ചർച്ച ചെയ്യുകയുണ്ടായി.

6. 'ഭാഗ്യക്കുറി ഏജന്റ്' എന്നത് ആക്ടിലെ 2(കെ) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതിനാൽ പദ്ധതിയിലെ ഖണ്ഡിക 3(2)-ലെ 'ലോട്ടറി ഏജന്റ്' എന്നത് ഖണ്ഡിക 3(8)-ലേതുപോലെ 'ഭാഗ്യക്കുറി ഏജന്റ്' എന്നും ഖണ്ഡിക 3(17)-ലെ 'ലോട്ടറി ഏജന്റുമാരുടെയും' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെയും' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. ആക്ടിലെ 2(ഐ) വകുപ്പിൽ 'നിധി' എന്നതിനെ നിർവ്വചിച്ചിട്ടുള്ളതിനാൽ ഖണ്ഡിക 3(9)-ലെ 'ക്ഷേമനിധിയുടെ' എന്നത് ഖണ്ഡിക 3(2)-ലേതുപോലെ 'നിധിയുടെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ഖണ്ഡിക 3(9)-ലെ "....... വാർഷിക ബഡ്ജറ്റ് തയ്യാറാക്കലും സർക്കാരിനു സമർപ്പിക്കലും", ഖണ്ഡിക 3(10)-ലെ "...... വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കൽ", ഖണ്ഡിക 3(11)-ലെ "....... ആഡിറ്റർമാരെ നിയമിക്കൽ, വാർഷിക ആഡിറ്റ് നടത്തൽ" എന്നിവയുടെ വാക്യഘടന ഒരേ രൂപത്തിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

9. 'ചെയർമാൻ' എന്നത് ആക്ടിലോ പദ്ധതിയിലോ നിർവ്വചിച്ചിട്ടില്ലെങ്കിലും പദ്ധതിയിൽ പലയിടത്തും 'ചെയർമാൻ' എന്ന് ഉപയോഗിച്ചിട്ടുള്ളതിനാൽ അതിന് വ്യക്തത വരുത്തുന്നതിനായി 'ചെയർമാൻ' എന്നത് പദ്ധതിയിൽ നിർവ്വചിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

10. ബോർഡിനെതിരെയുള്ള കേസുകളും ബോർഡ് നടത്തുന്നത് ബോർഡിനു വേണ്ടിത്തന്നെയാണെന്നതിനാൽ ഖണ്ഡിക 9(2)-ലെ 'ബോർഡിനു വേണ്ടിയും ബോർഡിന് എതിരെയുമുള്ള കേസുകളുടെ നടത്തിപ്പ്' എന്നത് 'ബോർഡിനെ പ്രതിനിധീകരിച്ച് വ്യവഹാരങ്ങൾ നടത്തലും വ്യവഹാരത്തെ പ്രതിരോധിക്കലും' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

11. ഖണ്ഡിക 12-ലെ "ആക്ടിലും പദ്ധതിയിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾക്കുവേണ്ടി മാത്രമേ നിധി വിനിയോഗിക്കാവൂ" എന്നതിലെ 'ലക്ഷ്യങ്ങൾക്കുവേണ്ടി' എന്നതിനു പകരം ആക്ടിലെ 3(6) വകുപ്പിൽ ചേർത്തിട്ടുള്ളതുപോലെ 'ആവശ്യങ്ങൾക്കായി' എന്ന വാക്ക് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ഖണ്ഡിക 13 പ്രകാരം ക്ഷേമനിധിയിലെ പണം നിക്ഷേപിക്കുന്നതിന് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ലെങ്കിലും എല്ലാ ക്ഷേമനിധികളിലെയും പണം കൈകാര്യം ചെയ്യുന്നതിനായി സർക്കാർ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. വിവിധ ക്ഷേമനിധി ബോർഡുകളുടെ സ്ഥിരനിക്ഷേപത്തിന്റെ കാലാവധി തീരുന്ന ദിവസം മൂന്നോ നാലോ

ബാങ്കുകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കൂടുതൽ പലിശ നൽകുന്ന ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തണമെന്ന് ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ പൊതുവായ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സർക്കാർ ബാങ്കെന്ന നിലയിലും ആർ.റ്റി.ജി.എസ്. മുഖേന ജില്ലാ ഓഫീസുകളിലേക്ക് പണം കൈമാറ്റം ചെയ്യുന്നതിന് ചാർജ് ഈടാക്കുന്നില്ല എന്നത് കണക്കിലെടുത്തും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലാണ് നിധിയുടെ പണം നിക്ഷേപിച്ചിട്ടുള്ളതെന്നും നിലവിൽ ക്ഷേമനിധിക്ക് 6.8 കോടി രൂപയുടെ നിക്ഷേപം പ്രസ്തുത ബാങ്കിലുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ക്ഷേമനിധി അംഗങ്ങളുടെ ഉന്നമനത്തിനായി ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വീഴ്ചവരാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

13. ഖണ്ഡിക 14(5)-ൽ പറഞ്ഞിരിക്കുന്ന 'സ്പെഷ്യൽ പെൻഷൻ' എന്നത് ആക്ടിലെ 3(6)(എ) വകുപ്പുപ്രകാരമുള്ളതും ഖണ്ഡിക 41-ൽ പ്രതിപാദിച്ചിട്ടുള്ളതുമായ പെൻഷൻ ആകയാൽ 'ആക്ടിലെ 3(6)(എ) വകുപ്പു പ്രകാരമുള്ള പ്രത്യേക പെൻഷൻ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ക്ഷേമനിധിയിൽ അംഗത്വത്തിനുള്ള എല്ലാ അപേക്ഷകളും ഭാഗ്യക്കുറി രംഗത്തുള്ള ഒരു രജിസ്റ്റേർഡ് ട്രേഡ് യൂണിയന്റെ ശുപാർശയോടു കൂടിയതായിരിക്കണമെന്ന ഖണ്ഡിക 15(2)-ലെ വ്യവസ്ഥ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ഭാഗ്യക്കുറി വില്പനക്കാർ പലരും ഭാഗ്യക്കുറി വില്പനയിൽ സ്ഥിരമായി ഏർപ്പെടാറില്ലെന്നും, ചില സീസണുകളിൽ മാത്രമാണ് കൂടുതൽ പേരും ഭാഗ്യക്കുറി വില്പനയിൽ ഏർപ്പെടുന്നതെന്നും അതുകൊണ്ടുതന്നെ മിക്കവരും ട്രേഡ് യൂണിയനിൽ ചേരാറില്ലെന്നും തെളിവെടുപ്പ് വേളയിൽ സമിതിക്ക് ബോധ്യപ്പെട്ടു. ക്ഷേമനിധിയിൽ നിലവിൽ 21755 അംഗങ്ങളാണുള്ളതെങ്കിലും 1½ ലക്ഷത്തോളം പേർ പ്രത്യക്ഷമായും പരോക്ഷമായും ഭാഗ്യക്കുറി വില്പനക്കാരായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഭാഗ്യക്കുറി വില്പനക്കാർക്കും ക്ഷേമനിധിയിൽ അംഗങ്ങളാകാമെന്നതിനാൽ ഓരോ ഭാഗ്യക്കുറി ഏജന്റും ടിയാന്റെ കീഴിലുള്ള ഭാഗ്യക്കുറി വിൽപ്പനക്കാരുടെ വിശദവിവരം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും ഏജന്റുമാർ അപ്രകാരം ചെയ്യുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഭാഗ്യക്കുറി ഏജന്റുമാർ ഭാഗ്യക്കുറി വില്പനക്കാരുടെ വിശദവിവരങ്ങൾ സൂക്ഷിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനാവശ്യമായ ജീവനക്കാർ ഭാഗ്യക്കുറി വകുപ്പിനില്ലാത്തതിനാൽ ഭാഗ്യക്കുറി വിൽപ്പനക്കാരുടെ യഥാർത്ഥ കണക്ക് സർക്കാരിൽ ലഭ്യമല്ലെന്ന് തെളിവെടുപ്പ് വേളയിൽ നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

15. 400 രൂപ അംഗത്വ ഫീസടയ്ക്കുന്ന ആർക്കും ഭാഗ്യക്കുറി ഏജന്റ് ആകാവുന്നതാണെന്നും നിലവിൽ 13000-ഓളം ഭാഗ്യക്കുറി ഏജന്റുമാരുണ്ടെന്നും എന്നാൽ എല്ലാ ഭാഗ്യക്കുറി ഏജന്റുമാരും ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടില്ലെന്നും, ഭാഗ്യക്കുറി ടിക്കറ്റ് വിതരണം ചെയ്യുന്നവർ എല്ലാവരും ഭാഗ്യക്കുറി ഏജന്റുമാരല്ലെന്നും നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ഭാഗ്യക്കുറി ഏജന്റുമാർ അവരുടെ കുടുംബാംഗങ്ങളെയും, അവർ ഭാഗ്യക്കുറി വില്പനക്കാർ അല്ലെങ്കിൽക്കൂടി, ട്രേഡ് യൂണിയനിലും അതുവഴി ക്ഷേമനിധിയിലും അംഗത്വമെടുക്കുന്ന പ്രവണത കണ്ടുവരുന്നുണ്ടെന്ന് സെക്രട്ടറി ബോധിപ്പിക്കുകയുണ്ടായി. ഭാഗ്യക്കുറി വില്പനക്കാർക്ക് അർഹമായ ആനുകൂല്യം അംഗീകൃത ഭാഗ്യക്കുറി ഏജന്റുമാരുടെ ജീവനക്കാർ

നേടിയെടുക്കുന്ന സാഹചര്യം നിലവിലുണ്ടെന്നും ക്ഷേമനിധിയിൽ അംഗത്വമെടുത്തിട്ടില്ലാത്ത ഭാഗ്യക്കുറി വില്പനക്കാരിൽ നിന്നും ഭാഗ്യക്കുറി ഏജന്റുമാർ ക്ഷേമനിധി അംഗത്വ ഫീസ് ഈടാക്കുന്നുണ്ടെന്നും നികുതിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ക്ഷേമനിധിയുടെ ആനുകൂല്യം അനർഹർ നേടിയെടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതും, അതോടൊപ്പം അർഹരായ എല്ലാവർക്കും അത് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും സർക്കാരിന്റെ കടമയാണെന്ന് സമിതി കരുതുന്നു. ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. ഭാഗ്യക്കുറി വില്പനക്കാർ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ളവരായതിനാൽ അവരിൽ പലരും ക്ഷേമനിധി പദ്ധതിയെക്കുറിച്ച് ബോധവാന്മാരല്ല എന്ന് സമിതി മനസ്സിലാക്കുന്നു. സർക്കാർ ഒരു ഭാഗ്യക്കുറി മാത്രം നടത്തിയിരുന്നപ്പോൾ ഭാഗ്യക്കുറി വില്പനക്കാരുടെ എണ്ണം വളരെ കുറഞ്ഞെങ്കിലും നിലവിൽ ഭാഗ്യക്കുറി വില്പനയിലൂടെ നല്ല വരുമാനം ലഭിക്കുന്നതിനാൽ കുറച്ചുപേർ കൂടി ഭാഗ്യക്കുറി വില്പനക്കാരായി ചേർന്നിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ഏതൊരു ക്ഷേമ പദ്ധതിയും ഫലപ്രാപ്തിയിലെത്തുന്നത് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ അർഹരായ എല്ലാവർക്കും ലഭിക്കുമ്പോൾ മാത്രമാണ്. അതിനാൽ ക്ഷേമനിധി പദ്ധതിയെക്കുറിച്ച് ഭാഗ്യക്കുറി വില്പനക്കാർക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ഭാഗ്യക്കുറി ഏജന്റുമാർക്ക് സബ് ഏജന്റുമാരെ നിയമിക്കാമെന്നുള്ളതിനാൽ അവരുടെ സഹായത്തോടെ ഭാഗ്യക്കുറി വില്പനക്കാരുടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കണമെന്ന് അംഗീകൃത ഭാഗ്യക്കുറി ഏജന്റുമാർക്ക് കർശന നിർദ്ദേശം നൽകണമെന്നും തങ്ങളുടെ കീഴിലുള്ള ഭാഗ്യക്കുറി സബ് ഏജന്റുമാരുടെയും, വില്പനക്കാരുടെയും വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ ഓരോ ഭാഗ്യക്കുറി ഏജന്റും സൂക്ഷിക്കേണ്ടതാണെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്ത് ആവശ്യമായ ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ചുമതല ജില്ലാ ഭാഗ്യക്കുറി ക്ഷേമ ആഫീസറിൽ നിക്ഷിപ്തമാക്കി തീരുമാനം സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

18. ഭാഗ്യക്കുറി രംഗത്തുള്ള ഒരു രജിസ്റ്റേർഡ് ട്രേഡ് യൂണിയന്റെ ശുപാർശയോടുകൂടിയേ ഭാഗ്യക്കുറി വില്പനക്കാർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ കഴിയൂവെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് കാരണം ട്രേഡ് യൂണിയനിൽ അംഗത്വമെടുത്തിട്ടില്ലാത്ത ഭാഗ്യക്കുറി വില്പനക്കാർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഭാഗ്യക്കുറി വില്പനക്കാർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള എല്ലാ അപേക്ഷകളും ഭാഗ്യക്കുറി രംഗത്തുള്ള ഒരു രജിസ്റ്റേർഡ് ട്രേഡ് യൂണിയന്റെ ശുപാർശയോടുകൂടിയതായിരിക്കണമെന്ന ഖണ്ഡിക 15(2)-ലെ വ്യവസ്ഥ നിർബന്ധമാക്കേണ്ടതില്ല എന്ന് സമിതി ശുപാർശ ചെയ്യുന്നു.

19. ക്ഷേമനിധി ഫണ്ടിന്റെ ദുരുപയോഗം തടയുന്നതിന് അനർഹർ ക്ഷേമനിധിയിൽ നിന്നും ആനുകൂല്യം നേടിയെടുക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ, ക്ഷേമനിധിയിൽ

ഇതിനോടകം അംഗത്വം നേടിയിട്ടുള്ളവരും എന്നാൽ യഥാർത്ഥത്തിൽ ഭാഗ്യക്കുറി ഏജന്റുമാരോ, ഭാഗ്യക്കുറി വില്പനക്കാരോ അല്ലാത്തവരുമായ എല്ലാവരുടെയും അംഗത്വം റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. 'വില്പനക്കാരൻ' എന്നത് ആക്ടിൽ നിർവ്വചിച്ചിട്ടില്ലാത്തതിനാൽ ഖണ്ഡിക 15(3)-ലെ 'ഒരു വില്പനക്കാരന്റെ' എന്നത് ആക്ടിലെ 2(എൻ) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുപോലെ 'ഒരു ഭാഗ്യക്കുറി വില്പനക്കാരന്റെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. ഖണ്ഡിക 15(3), (4), (7) എന്നിവയിൽ ചേർത്തിട്ടുള്ള 'ഏജന്റ്' എന്നത് ആക്ടിലെ 2 (കെ) വകുപ്പ് പ്രകാരം 'ഭാഗ്യക്കുറി ഏജന്റ്' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. ഖണ്ഡിക 15(3)-ൽ 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥൻ' എന്നു പയോഗിച്ചിരിക്കുന്നതിന് വ്യക്തതയില്ലാത്തതിനാൽ അതിനുപകരം 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്ന് ചേർക്കണമെന്നും അതിന് കൂടുതൽ വ്യക്തത വരുത്തുന്നതിനായി 'ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്നതിനെ ആക്ടിലെ 2 (എഫ്) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുപോലെ `അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്നതും കൂടി പദ്ധതിയിൽ നിർവ്വചിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

23. ഖണ്ഡിക 15(4)-ൽ നിധിയിൽ അംഗത്വത്തിനുള്ള അപേക്ഷയോടൊപ്പം വയസ്സ്, ജനനത്തീയതി, മേൽവിലാസം എന്നിവ തെളിയിക്കുന്നതിനുള്ള രേഖയായി അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രമോ, പാസ്പോർട്ട്, റേഷൻകാർഡ്, പാൻകാർഡ്, തിരിച്ചറിയൽ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, സ്കൂൾ അഡ്മിഷൻ രജിസ്റ്റർ എന്നിവയിൽ ഏതെങ്കിലും ഒന്നിന്റെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം മറ്റ് രേഖകൾക്ക് പകരമായും സമാനമായും ഉൾപ്പെടുത്തിയിരിക്കുന്നത് ഉചിതമല്ലെന്ന് സമിതി കരുതുന്നു. മറ്റ് രേഖകൾ ഇല്ലാത്തവർക്കുവേണ്ടിയാണ് അപ്രകാരം ഉൾപ്പെടുത്തിയിരിക്കുന്നതെന്നും, പ്രായം സംബന്ധിച്ച സർട്ടിഫിക്കറ്റ് മെഡിക്കൽ ഓഫീസർക്കുമാത്രമേ നൽകുവാൻ സാധിക്കൂവെന്നും തെളിവെടുപ്പു വേളയിൽ നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഖണ്ഡിക 15 (4) "..... ഇത് തെളിയിക്കുന്നതിനാവശ്യമായ രേഖയായി പാസ്പോർട്ട്, റേഷൻകാർഡ്, പാൻകാർഡ്, തിരിച്ചറിയൽ കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, സ്കൂൾ അഡ്മിഷൻ രജിസ്റ്റർ എന്നിവയിൽ ഏതെങ്കിലുമൊന്നിന്റെ ബന്ധപ്പെട്ട പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഇവയിലേതെങ്കിലുമൊന്ന് ഹാജരാക്കാൻ സാധിക്കില്ലായെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അംഗം സാക്ഷ്യപ്പെടുത്തുന്ന പക്ഷം ഒരു അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രമോ ഹാജരാക്കേണ്ടതാണ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. ഖണ്ഡിക 15(6) പ്രകാരം ഡ്യൂപ്ലിക്കേറ്റ് തിരിച്ചറിയൽ കാർഡിന് ഒടുക്കേണ്ട ഫീസ് ക്ഷേമനിധി ബോർഡ് നാളിതുവരെ നിശ്ചയിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയത് സംബന്ധിച്ച് ബോർഡ് എത്രയും വേഗം തീരുമാനമെടുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. ഖണ്ഡിക 15(7)-ലെ 'ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥൻ' എന്നത് 'ജില്ലാ ഭാഗ്യക്കുറി ഓഫീസർ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. ക്ഷേമനിധിയിൽ അംഗമാകുന്നതിന് ഭാഗ്യക്കുറി ഏജന്റ് അപേക്ഷയോടൊപ്പം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ എണ്ണം ടിക്കറ്റ് വാങ്ങിയതിന്റെ തെളിവായി ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥനിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണെന്ന് ഖണ്ഡിക 15(7)-ൽ പറഞ്ഞിട്ടുണ്ടെങ്കിലും സാക്ഷ്യപത്രത്തിന്റെ മാതൃക വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സാക്ഷ്യപത്രത്തിന്റെ മാതൃക വിജ്ഞാപനത്തിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. ഖണ്ഡിക 15(3)-ലെ 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഉദ്യോഗസ്ഥന്റെ' എന്ന് ചേർത്തിരിക്കുന്നത് 'അസിസ്റ്റന്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസറുടെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. ഖണ്ഡിക 17-ന്റെ ശീർഷകമായ 'ഏജന്റുമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും' എന്നതിലെ 'ഏജന്റുമാരുടെ' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. ഖണ്ഡിക 17(2)-ലെ 'വില്പനക്കാരനും' എന്നത് 'ഭാഗ്യക്കുറി വില്പനക്കാരനും' എന്നും ഖണ്ഡിക 17(3)-ലെ 'വിപ്പനക്കാരന്റെ' എന്നത് 'വില്പനക്കാരന്റെ' എന്നും തിരുത്തൽ വരുത്തണമെന്നും അതോടൊപ്പം വിജ്ഞാപനത്തിൽ 'വില്പനക്കാരൻ' എന്ന് ചേർത്തിട്ടുള്ള സ്ഥലത്തെല്ലാം 'ഭാഗ്യക്കുറി വില്പനക്കാരൻ' എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

30. ഖണ്ഡിക 19(1)-ലെ "മൂന്ന് മാസം തുടർച്ചയായി അംശദായം അടയ്ക്കുന്നതിൽ അംഗം വീഴ്ച വരുത്തിയാൽ അംഗത്വം സ്വയമേവ നഷ്ടപ്പെടുന്നതാണ്" എന്ന വ്യവസ്ഥ ആക്ടിലെ 4(5) വകുപ്പിലെ "ഏതെങ്കിലും അംഗം അംശദായം തുടർച്ചയായ ആറ് മാസക്കാലയളവിലേക്ക് അടയ്ക്കാതിരുന്നാൽ സ്വയമേവ അംഗത്വം നഷ്ടപ്പെടുന്നതാണ്" എന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ ഖണ്ഡിക 19(1)-ലെ 'മൂന്നുമാസം തുടർച്ചയായി' എന്നത് 'ആറുമാസം തുടർച്ചയായി' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. ഖണ്ഡിക 19(3)-ൽ "ഏജന്റ് അല്ലെങ്കിൽ വില്പനക്കാരൻ എന്ന നിലയിൽ അംഗം പ്രവർത്തിക്കുന്നില്ലെന്ന് രജിസ്റ്ററിംഗ് അധികാരിക്ക് ബോധ്യപ്പെട്ടാൽ, നോട്ടീസ് നൽകാതെ തന്നെ ക്ഷേമനിധിയിലെ അംഗത്വം റദ്ദ് ചെയ്യാവുന്നതാണ്" എന്ന വ്യവസ്ഥ സാമാന്യ നീതിക്ക് നിരക്കുന്നതല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. അംഗത്വം റദ്ദു ചെയ്യുന്നതിനു മുൻപ് ക്രമപ്രകാരം നോട്ടീസ് നൽകുന്നതിനും വിശദീകരണം കേൾക്കുന്നതിനുമുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തണമെന്നും അതിന് ആക്ടിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അപ്രകാരം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

32. ഖണ്ഡിക 23(1)-ലെ "....... ക്ഷേമനിധിയിൽ പുനഃരംഗത്വം കിട്ടാൻ അതിന് മുൻപുള്ള ആറ് മാസക്കാലം ശരാശരി പതിനായിരം രൂപയുടെ ടിക്കറ്റ് വാങ്ങിയിരിക്കണം" എന്നത് ഖണ്ഡിക 14(3)-ലേതുപോലെ 'പ്രതിമാസം ശരാശരി' എന്ന് വ്യക്തത വരുത്തി വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. അംഗത്വം നഷ്ടപ്പെട്ട് പുനഃരംഗത്വം ലഭിക്കുന്ന അംഗങ്ങൾക്ക് "ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ തുടർന്നുള്ള ഒരു വർഷക്കാലം ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല" എന്ന ഖണ്ഡിക 23(2)-ലെ വ്യവസ്ഥ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ഖണ്ഡിക 19(1) പ്രകാരം മൂന്നുമാസം തുടർച്ചയായി അംശദായം അടയ്ക്കുന്നതിൽ അംഗം വീഴ്ച വരുത്തിയാൽ അംഗത്വം നഷ്ടപ്പെടുന്നതാണ്. അംഗത്വം നഷ്ടപ്പെട്ടാലും അതിന് മുൻപുള്ള ആറ് മാസക്കാലം പ്രതിമാസം ശരാശരി പതിനായിരം രൂപയുടെ ടിക്കറ്റ് വാങ്ങിയിട്ടുള്ളവരാണെങ്കിൽ ഖണ്ഡിക 23(1) പ്രകാരം പുന:രംഗത്വം ലഭിക്കാൻ ഒരു അവസരം നൽകുന്നുമുണ്ട്. ഇതിനായി ഖണ്ഡിക 23(4) പ്രകാരം അംഗത്വം റദ്ദായിപ്പോയ ഓരോ മാസത്തിനും 10 രൂപ വീതം പിഴയും അംശദായ കുടിശ്ശികയും നൽകേണ്ടതുമാണ്. ഇപ്രകാരം പിഴയും, കുടിശ്ശികയും അടച്ച് പുനഃരംഗത്വം നേടുന്ന അംഗത്തിന് 'തുടർന്നുള്ള ഒരു വർഷക്കാലം' പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കില്ല എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് ഉചിതമല്ല. ആയതിനാൽ ഖണ്ഡിക 23(2)-ലെ വ്യവസ്ഥ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. ഖണ്ഡിക 23(5)-ലെ "പരേതരായ അംഗങ്ങളുടെ നോമിനികൾക്ക്/ആശ്രിതർക്ക് അംഗത്വം അസാധുവാക്കപ്പെടുമ്പോഴോ, റദ്ദ് ചെയ്യപ്പെടുമ്പോഴോ മുകളിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം അംഗത്വം പുതുക്കുവാനോ പുനഃസ്ഥാപിക്കുവാനോ കഴിയാത്തതും" എന്ന വ്യവസ്ഥയിൽ അവ്യക്തതയുള്ളതായി സമിതി കരുതുന്നു. അംഗത്വം നഷ്ടപ്പെട്ട കാലയളവിൽ ഒരംഗം മരണപ്പെട്ടാൽ ടിയാന്റെ അനന്തരാവകാശികൾ ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ ശ്രമിക്കുമെന്നല്ലാതെ ടിയാന്റെ അംഗത്വം പുനഃസ്ഥാപിക്കുവാൻ ശ്രമിക്കുമെന്ന് സമിതി കരുതുന്നില്ല. ആയതിനാൽ ഖണ്ഡിക 23(5)-ലെ വ്യവസ്ഥ ഒഴിവാക്കണമെന്നും, അംഗത്വം നഷ്ടപ്പെട്ടവർ മരണപ്പെട്ടാൽ അവരുടെ കുടുംബത്തിന് പദ്ധതി പ്രകാരം ലഭിക്കാവുന്ന പരമാവധി ആനുകൂല്യം ലഭിക്കുന്ന തരത്തിൽ പദ്ധതി ഭേദഗതി ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

35. ഖണ്ഡിക 23(5)-ലെ 'പുനഃസ്ഥാപിക്കുവനോ' എന്നത് 'പുനഃസ്ഥാപിക്കുവാനോ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36. ഖണ്ഡിക 24(2)-ന്റെ ആദ്യവരിയിലെ 'തീരുമാനത്തിനു' എന്നത് 'തീരുമാനത്തിൽ' എന്നും 'മാപ്പ് ചെയത്' എന്നത് 'മാപ്പാക്കി' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. ഖണ്ഡിക 25-ലെ 'സാക്ഷിപത്രം' എന്നത് 'സാക്ഷ്യപത്രം' എന്നും ഖണ്ഡിക 26-ലെ 'ചീഫ് എക്സ്ക്യൂട്ടീവ് ഓഫീസറുടെ' എന്നത് 'ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. ഖണ്ഡിക 27(1)-ലെ 'ക്ഷേമനിധി സംബന്ധമായ എല്ലാ കണക്കുകളും ഭരണപരമായ ചെലവുകൾ ഉൾപ്പെടെ അംഗീകൃത ചാർട്ടേഡ് അക്കൗണ്ടന്റിനെ നിയോഗിച്ച് ഓഡിറ്റ് ചെയ്യിക്കേണ്ടതാണെന്ന' വ്യവസ്ഥ സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ക്ഷേമനിധിയുടെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ

ക്കൊണ്ട്, 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി ഓഡിറ്റ് ചെയ്യിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ഓഡിറ്റ് നടത്തുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമ്മതം അറിയിച്ചിട്ടുണ്ടെന്നും, ഇതിനായി ക്ഷേമനിധിയുടെ പേര് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്നും തെളിവെടുപ്പ് വേളയിൽ നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. ക്ഷേമനിധിയുടെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഖണ്ഡിക 27(1) ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. ഖണ്ഡിക 28(1)-ലെ "........ ഒരു റിപ്പോർട്ട് ...... ബോർഡ് അംഗീകരിക്കേണ്ടതും ........ സർക്കാരിന് സമർപ്പിക്കേണ്ടതാണ്" എന്നതിലെ 'സമർപ്പിക്കേണ്ടതാണ്' എന്നുള്ളത് "സമർപ്പിക്കേണ്ടതുമാണ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

40. ഖണ്ഡിക 30(1) ലെ "........ ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി പെൻഷൻ തുക വർദ്ധിപ്പിക്കാവുന്നതാണ്" എന്ന വ്യവസ്ഥ ക്രമപ്രകാരമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ക്ഷേമനിധി പദ്ധതികളിൽ പൊതുവായി കാണുന്ന വ്യവസ്ഥ 'ബോർഡിന്റെ ശുപാർശയോടെ സർക്കാരിന് വർദ്ധിപ്പിക്കാം' എന്നാണെന്ന് സമിതി മനസ്സിലാക്കുന്നു. ബോർഡിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് കൂടുതലായി അറിയാൻ കഴിയുന്നത് ബോർഡിനാണെന്നും, ബോർഡിന്റെ ശുപാർശ സർക്കാർ അംഗീകരിച്ചാൽ മതിയാകുമെന്നും, തുടർന്ന് സർക്കാർ ഇതിനായി ഉത്തരവിറക്കേണ്ടതുണ്ടെന്നും, അവ സംബന്ധിച്ച് ഉണ്ടാകാവുന്ന കാലതാമസം ഒഴിവാക്കുന്നതിനായാണ് ബോർഡിന് പെൻഷൻ തുക വർദ്ധിപ്പിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും തെളിവെടുപ്പ് വേളയിൽ നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചിരുന്നു. പെൻഷൻ എന്നത് സർക്കാരിനുണ്ടാകുന്ന ആവർത്തന ചെലവായതിനാൽ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം ബോർഡിന്റെ പരിഗണനയ്ക്ക് വരുമ്പോൾ ധനകാര്യ വകുപ്പിനെ പ്രതിനിധീകരിക്കുന്ന ബോർഡ് അംഗങ്ങൾ എതിർക്കാറുണ്ടെന്ന് നികുതി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തിരുന്നു. പെൻഷൻ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കേണ്ടത് സർക്കാർ തന്നെയാണെന്നതിനാൽ ഖണ്ഡിക 30(1)-ലെ "........ എന്നാൽ, ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി പെൻഷൻ തുക വർദ്ധിപ്പിക്കാവുന്നതാണ്" എന്നത് "........ എന്നാൽ ബോർഡിന്റെ ശുപാർശയോടെ സർക്കാരിന് പെൻഷൻ തുക വർദ്ധിപ്പിക്കാവുന്നതാണ്" എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. ഓരോ സാമ്പത്തിക വർഷവും ഭാഗ്യക്കുറി വില്പനയിലൂടെ സർക്കാരിന് ലഭിക്കുന്ന വരുമാനത്തിന്റെ 1% ക്ഷേമനിധി ബോർഡിന് വിഹിതമായി നൽകണമെന്ന് ആക്ടിലെ 4-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുക കൃത്യമായി ലഭിക്കാറില്ലെന്നും 2011-2012 വർഷത്തെ വിഹിതം ലഭിച്ചിട്ടുണ്ടെങ്കിലും ഈ ഇനത്തിൽ '12 കോടി രൂപ' സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കുവാനുണ്ടെന്നും ഭാഗ്യക്കുറി ഡയറക്ടർ സമിതിയെ അറിയിച്ചു. ആയതിനാൽ ക്ഷേമനിധിയിലേക്കുള്ള വിഹിതത്തിനായി ഓരോ തവണയും സർക്കാരിനെ

സമീപിക്കാതെതന്നെ ഓരോ സാമ്പത്തിക വർഷവും ഭാഗ്യക്കുറി വില്പനയിലൂടെ സർക്കാരിന് ലഭിക്കുന്ന മൊത്തം വരുമാനത്തിന്റെ 1% തുക നേരിട്ട് ബോർഡിന് ലഭിക്കുന്നതിനുള്ള വ്യവസ്ഥ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

42. ഓരോ ഭാഗ്യക്കുറിക്കും നിലവിൽ 28% മുതൽ 30% വരെ കമ്മീഷനായി നൽകുന്നുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞ വർഷം ഭാഗ്യക്കുറി വില്പനയിലൂടെ ലഭിച്ച '1287' കോടി രൂപയിൽ ഏകദേശം '400' കോടി രൂപ കമ്മീഷനായി നൽകിയിട്ടുണ്ടെന്നും '2100'–ഓളം പേർക്കായി '16' കോടിയോളം രൂപ നൽകാനുണ്ടെന്നും ഭാഗ്യക്കുറി ഡയറക്ടർ സമിതിയെ അറിയിക്കുകയുണ്ടായി. ഭാഗ്യക്കുറി വില്പനയ്ക്കുള്ള കമ്മീഷൻ തുക യഥാസമയം തന്നെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

43. ഖണ്ഡിക 31(1)-ലെ 'പദ്ധതി' എന്നത് 'പദ്ധതി' എന്നും ഖണ്ഡിക 31(3)-ലെ 'അർഹതരല്ലാതായിത്തീരും' എന്നത് 'അർഹരല്ലാതായിത്തീരും' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

44. ഖണ്ഡിക 32(2)-ൽ 'അവശതാ പെൻഷന് അപേക്ഷിക്കുന്ന ക്ഷേമനിധി അംഗം അവശത അനുഭവിക്കുന്നു എന്ന് തെളിയിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന്' വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഏത് പദവിയിലുള്ള സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കറ്റാണ് ഹാജരാക്കേണ്ടത് എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ 'അസിസ്റ്റന്റ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്' എന്ന് ചേർത്ത് ഖണ്ഡിക 32(2)-ന് വ്യക്തത വരുത്തണമെന്നും പ്രസ്തുത ഖണ്ഡികയിലെ 'തെളിയിക്കുനന്നതിലേക്കായി' എന്നത് 'തെളിയിക്കുന്നതിലേക്കായി' എന്ന് തിരുത്തൽ വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

45. ഖണ്ഡിക 33-ലെ 'ലൈഫ് ഇൻഷ്വറൻസ് അഥവാ മെഡിക്കൽ ഇൻഷ്വറൻസ്' എന്ന് ചേർത്തിരിക്കുന്നത് സമിതി പരിശോധിക്കുകയുണ്ടായി. അവ രണ്ടിനേയും സമാനമായി കണക്കാക്കാൻ കഴിയില്ലെന്ന് സമിതി കരുതുന്നു. അംഗങ്ങൾക്ക് ചികിത്സാ ആനുകൂല്യം നൽകുക എന്നതാണ് പ്രസ്തുത വ്യവസ്ഥകൊണ്ടുദ്ദേശിക്കുന്നത് എന്ന് ഭാഗ്യക്കുറി ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ ഖണ്ഡിക '33'-ലെ 'ലൈഫ് ഇൻഷ്വറൻസ്' എന്നത് ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

46. ഖണ്ഡിക '33' പ്രകാരം ബോർഡ് സർക്കാരിന്റെ അനുമതിയോടെ അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കിയിട്ടില്ലെന്നും, പ്രായം കൂടുതലുള്ള അംഗങ്ങൾക്ക് കൂടിയ നിരക്കിലുള്ള പ്രീമിയം ആണ് ഇൻഷ്വറൻസ് കമ്പനികൾ ആവശ്യപ്പെടുന്നതെന്നും, ബോർഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ആയത് ബോർഡിന് താങ്ങാൻ കഴിയില്ലെന്നും ഭാഗ്യക്കുറി ഡയറക്ടർ സമിതിയെ അറിയിച്ചിട്ടുണ്ട്. അതേ സമയം കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ഒരു വ്യക്തിയുടെ ചികിത്സയ്ക്ക് രണ്ടുലക്ഷം രൂപ വരെ ചികിത്സ നടത്തുന്ന ആശുപത്രിക്ക് നൽകുന്നുണ്ട്. കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും ചികിത്സയ്ക്ക് 25% കൂടുതൽ തുകയും, മുൻഗണനയും ക്ഷേമനിധി അംഗങ്ങൾക്ക് നൽകണമെന്നത് സംബന്ധിച്ച് ബോർഡ്

തീരുമാനമെടുക്കുകയും ആയത് സർക്കാരിനെ അറിയിക്കുകയും ചെയ്തിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഇക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

47. ഖണ്ഡിക 34(1)-ലെ 'ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത, ഒരു വർഷമെങ്കിലും നിധിയിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക്, അഞ്ച് ദിവസമോ അതിൽകൂടുതലോ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് ആദ്യത്തെ അഞ്ചു ദിവസം 400 രൂപയും തുടർന്നുള്ള ഓരോ ദിവസവും 75 രൂപ വീതവും നൽകുന്നതാണ്' എന്ന വ്യവസ്ഥയിലെ 'ആദ്യത്തെ അഞ്ചു ദിവസം' എന്നത് 'ആദ്യത്തെ അഞ്ചു ദിവസത്തേക്ക്' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

48. ഖണ്ഡിക 33, 34(1) എന്നിവയിലെ 'ഇൻഷ്വുറൻസ്' എന്നത് 'ഇൻഷ്വറൻസ്' എന്നും ഖണ്ഡിക 34(1) -ലെ 'നിശ്ചിയിക്കുന്ന' എന്നത് 'നിശ്ചയിക്കുന്ന' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

49. ഖണ്ഡിക 34(1) പ്രകാരം ഗുരുതരമായ രോഗബാധകൊണ്ട് കഷ്ടപ്പെടുന്ന അംഗങ്ങൾക്ക് 20,000 രൂപ വരെ ധനസഹായം നൽകുന്നതിനുള്ള വ്യവസ്ഥകൾ ബോർഡ് നാളിതുവരെ നിശ്ചയിച്ചിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഖണ്ഡിക 34(1) പ്രകാരം ധനസഹായം നൽകുന്നതിനുള്ള വ്യവസ്ഥകൾ എത്രയും വേഗം നിശ്ചയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

50. ഖണ്ഡിക 34(1) പ്രകാരമുള്ള ചികിത്സാ സഹായം ലഭിക്കുന്നതിന് ചികിത്സ നടത്തിയത് തെളിയിക്കുന്നതിന് ഏത് പദവിയിലുള്ള ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റാണ് നൽകേണ്ടതെന്നും, അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി എത്രയാണെന്നും വ്യക്തമാക്കിയിട്ടില്ല. അതിനാൽ ചികിത്സാ സഹായം ലഭിക്കുന്നതിന് അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതമുള്ള അപേക്ഷ ചികിത്സ നടത്തി ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നും, എന്നാൽ മതിയായ കാരണമുണ്ടെങ്കിൽ ഒരു വർഷത്തിനുശേഷവും അപേക്ഷ സമർപ്പിക്കാവുന്നതാണെന്നുമുള്ള വ്യവസ്ഥ കൂടി ഖണ്ഡിക 34(1)–ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

51. ഖണ്ഡിക 35(2)-ലെ 'ആവഷ്കരിക്കുന്ന' എന്നത് 'ആവിഷ്കരിക്കുന്ന' എന്നും ഖണ്ഡിക 36(2), 37(3) എന്നിവയിലെ 'ഉപകണ്ഡിക' എന്നത് 'ഉപഖണ്ഡിക' എന്നും, ഖണ്ഡിക 37(2)-ലെ 'വിവഹം' എന്നത് 'വിവാഹം' എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

52. ഖണ്ഡിക 37(2)-ലെ വിവാഹാനുകൂല്യത്തിനായി അപേക്ഷിക്കുന്നവർ വിവാഹം നടന്നു എന്നു തെളിയിക്കുന്നതിനായി 'സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി/പ്രസിഡന്റ്/ചെയർമാൻ/മേയർ/എം.എൽ.എ., എം.പി. ........ നൽകിയ സാക്ഷ്യപത്രമോ ....... ഹാജരാക്കേണ്ടതാണ്' എന്ന വ്യവസ്ഥയിലെ 'മേയർ' എന്നതിനുശേഷമുള്ള '/' ചിഹ്നത്തിനു പകരം 'കോമ' ചേർക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.

53. ഖണ്ഡിക 37(2)-ൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അധികാരമുള്ള സമുദായ സംഘടനകൾ എന്നുപയോഗിച്ചിരിക്കുന്നതിന്റെ സാധുത സമിതി പരിശോധിക്കുകയുണ്ടായി. എല്ലാ വിവാഹങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് 2008-ൽ ചട്ടങ്ങൾ നിലവിൽ വന്നിട്ടുള്ളതിനാൽ [G.O.(P)No.01/ 2008/Law, dated 29-2-2008] പ്രസ്തുത ചട്ടങ്ങൾ പ്രകാരം 2008 ഫെബ്രുവരി 29-ന് ശേഷം നടത്തുന്ന എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. അതുകൊണ്ടുതന്നെ 'സമുദായ സംഘടനകൾ നൽകുന്ന സർട്ടിഫിക്കറ്റിന്' സാധുതയില്ലാത്തതിനാൽ അത് ഒഴിവാക്കണമെന്നും പകരം 2011മുതലുള്ള വിവാഹങ്ങളുടെ സർട്ടിഫിക്കറ്റ് തന്നെ ഹാജരാക്കണമെന്ന വ്യവസ്ഥ ഖണ്ഡിക 37(2)-ൽ ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

54. ഖണ്ഡിക 37(1) -ൽ പറഞ്ഞിട്ടുള്ള വിവാഹാനുകൂല്യം ലഭിക്കുന്നതിന് മറ്റേതെങ്കിലും ക്ഷേമനിധി പ്രകാരം ലഭിക്കുന്ന ആനുകൂല്യം തടസ്സമാകുന്നതല്ല എന്ന് ഖണ്ഡിക 37(6)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് സമിതി പരിശോധിക്കുകയുണ്ടായി. അത്തരത്തിലുള്ള വ്യവസ്ഥ പദ്ധതിയിൽ നിന്നുള്ള മറ്റൊരു ആനുകൂല്യത്തിന്റെ കാര്യത്തിലും ബാധകമാക്കിയിട്ടുള്ളതായി സമിതിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത വ്യവസ്ഥ പദ്ധതിയിൽ നിന്നുള്ള ചികിത്സാനുകൂല്യം, പ്രസവാനുകൂല്യം എന്നിവയ്ക്ക് ബാധകമല്ലെന്നും, അംഗങ്ങളുടെ പെൺമക്കൾ മറ്റൊരു ക്ഷേമനിധിയിൽ അംഗങ്ങളാണെങ്കിൽ കൂടി അവരുടെ വിവാഹത്തിന് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടിയാണ് ഖണ്ഡിക 37(6)—ൽ അപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. അതാണ് പ്രസ്തുത വ്യവസ്ഥകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അക്കാര്യം വ്യക്തമായിത്തന്നെ വ്യവസ്ഥ ചെയ്യണമെന്നും അതിന് ആക്ടിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

55. അംഗത്തിന്റെ മരണാനന്തരം അനന്തരാവകാശികൾക്ക് സാമ്പത്തിക സഹായം നൽകുന്നതു സംബന്ധിച്ച ഖണ്ഡിക 38(1)-ലെ വ്യവസ്ഥ സമിതി പരിശോധിക്കുകയുണ്ടായി. സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിർദ്ദിഷ്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണമെന്ന് ഖണ്ഡിക 39(1)-ൽ പറഞ്ഞിട്ടുണ്ടെങ്കിലും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ഏതൊക്കെയാണെന്ന് ഖണ്ഡിക 38(1)-ൽ വ്യക്തമാക്കിയിട്ടില്ല. ജനനമരണ രജിസ്ട്രാർ നൽകുന്ന മരണ സർട്ടിഫിക്കറ്റ്, ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ കൂടി ഖണ്ഡിക 38(1)-ൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

56. "ഖണ്ഡിക 39(3)-ലെ "ക്ഷേമനിധി ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷ ലഭിച്ചാൽ അപേക്ഷകനെ സംബന്ധിച്ച രേഖകൾ പരിശോധിച്ചും, ആവശ്യമായ അന്വേഷണം നടത്തിയും, തെളിവുകൾ വിശകലനം ചെയ്തുമാണ് ആനുകൂല്യം നൽകണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത്" എന്ന വ്യവസ്ഥയിൽ 'തെളിവുകൾ വിശകലനം ചെയ്തുമാണ്' എന്ന് ചേർത്തിട്ടുള്ളത് കാരണം അപേക്ഷകന് ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസമുണ്ടാകരുതെന്നും അതിനായി ഒരു നിശ്ചിത സമയപരിധി നിർണ്ണയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

57. ഖണ്ഡിക 39(5) -ലെ "...... 'സമർപ്പിക്കാൻ കഴിയാതിരുന്നത് മതിയായ കാരണം ബോർഡിന്' ........" എന്നത് "....... 'സമർപ്പിക്കാൻ കഴിയാതിരുന്നത് മതിയായ കാരണത്താലാണെന്ന് ബോർഡിന്' ......." എന്നു തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

58. അംശദായ തുക തിരികെ നൽകുന്നതു സംബന്ധിച്ച ഖണ്ഡിക 40-ൽ "അംഗത്വം റദ്ദായാൽ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി അടച്ച തുക, നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള പലിശ സഹിതം തിരിച്ചു നൽകേണ്ടതാണെന്ന്" വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പലിശ നിരക്ക് നിശ്ചയിച്ചിട്ടില്ല. പലിശ നിരക്ക് പദ്ധതിയിൽതന്നെ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

59. ഖണ്ഡിക 42-ന്റെ അവസാന വരിക്ക് തൊട്ടുമുൻപുള്ള വരിയിലെ 'ക്ഷേമ നിധിയി പദ്ധതി' എന്നത് 'ക്ഷേമനിധി പദ്ധതി' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

60. ഫാറം നമ്പർ 1-ന്റെ തലക്കെട്ടിലെ 'ലോട്ടറി ഏജന്റുമാരുടെയും' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെയും' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

61. ഫാറം നമ്പർ 1-ന്റെ ക്രമനമ്പർ 6-ൽ 'അനുബന്ധത്തിലെ ഫാറം നമ്പർ 2 കാണുക' എന്ന് ചേർത്തിരിക്കുന്നത് ഉചിതമല്ല. ഫാറം നമ്പർ 1 പൂരിപ്പിക്കുന്ന ഒരു അപേക്ഷകൻ പദ്ധതിയോ പദ്ധതിയിൻ കീഴിലുള്ള മറ്റ് ഫാറങ്ങളോ കാണുന്നില്ല. ഒരു ഫാറം പൂരിപ്പിക്കുന്നതിനായി മറ്റൊരു ഫാറം പരിശോധിക്കണമെന്നത് പ്രായോഗികവുമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഫാറം നമ്പർ 1-നോടൊപ്പം ഹാജരാക്കേണ്ട രേഖയാണ് ഫാറം നമ്പർ 2 എന്നതിനാൽ ഫാറം നമ്പർ 1-ന്റെ ക്രമ നമ്പർ 6-ലെ 'അനുബന്ധത്തിലെ ഫാറം നമ്പർ 2 കാണുക' എന്നതിനു പകരം "ഫാറം നമ്പർ 2-ലുള്ള സാക്ഷ്യപത്രം ഉള്ളടക്കം ചെയ്തിരിക്കണം" എന്ന് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

62. ഫാറം നമ്പർ 1-ലെ ക്രമനമ്പർ 10-ൽ 'വൈവാഹിക പദവി' എന്നതിൽ ചേർത്തിട്ടുള്ള 'വിവാഹിതൻ', 'അവിവാഹിതൻ', 'വിധവ', 'വിഭാര്യൻ' എന്നത് 'വിവാഹിതൻ/വിവാഹിത', 'അവിവാഹിതൻ/അവിവാഹിത', 'വിധവ/വിഭാര്യൻ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

63. ഫാറം നമ്പർ 1-ന്റെ ക്രമനമ്പർ 15-ൽ ചേർത്തിട്ടുള്ള 'ലോട്ടറിതൊഴിലാളി' എന്ന പദം ആക്ടിൽ നിർവ്വചിക്കുകയോ, ലോട്ടറി തൊഴിലാളികളുടെ അംഗത്വം ആക്ട് അനുവദിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അതിന് പകരം 'ഭാഗ്യക്കുറി ഏജന്റോ ഭാഗ്യക്കുറി വില്പനക്കാരനോ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

64. ഫാറം നമ്പർ 1-ന്റെ അവസാനം 'ഓഫീസ് ഉപയോഗത്തിനായി' പ്രത്യേകമായി ഒരു ഭാഗം ഉള്ളതിനാൽ ഫാറത്തിന്റെ തുടക്കത്തിൽ 'ഓഫീസിന്റെ ഉപയോഗത്തിനായി' എന്ന് കാണിച്ച് ചേർത്തിട്ടുള്ള 'അംഗത്വ നമ്പർ', 'രജിസ്റ്റർ ചെയ്യുന്ന തീയതി' എന്നിവ ഓഫീസ് ഉപയോഗത്തിനായുള്ള ഫാറത്തിന്റെ അവസാന ഭാഗത്ത് ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

65. ഫാറം നമ്പർ 1-ലെ അപേക്ഷയോടൊപ്പം രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകൂടി നൽകേണ്ടതാണ് എന്നാണ് ഖണ്ഡിക 15(1), ഫാറത്തിലെ കുറിപ്പ് എന്നിവയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ തിരിച്ചറിയൽ കാർഡ്, അംഗത്വ സാക്ഷ്യപത്രം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂക്ഷിക്കുന്ന രജിസ്റ്റർ, ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ സൂക്ഷിക്കുന്ന രജിസ്റ്റർ എന്നിവയിലേക്കായി ആകെ 'നാല്' ഫോട്ടോകൾ ആവശ്യമുള്ളതിനാൽ ഫാറം 1-ലെ 'രണ്ട് ഫോട്ടോകൾ' എന്നത് 'നാല് ഫോട്ടോകൾ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

66. ഫാറം നമ്പർ 1-ലെ 'രജിസ്റ്റർ ചെയ്ത ലോട്ടറി ഏജന്റുമാരുടെ/വില്പനക്കാരുടെ തൊഴിൽ സംഘടനാ ശുപാർശ' എന്നതിലെ 'ലോട്ടറി ഏജന്റുമാരുടെ' എന്നത് 'ഭാഗ്യക്കുറി ഏജന്റുമാരുടെ' എന്ന് തിരുത്തണമെന്നും ശുപാർശയിൽ "——----- എന്ന ആൾ ഭാഗ്യക്കുറി വില്പനക്കാരൻ/ഏജന്റ് ആണെന്നും നിധിയിൽ അംഗത്വത്തിന് ശുപാർശ ചെയ്യുന്നു" എന്നും കൂടി ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

67. ഫാറം നമ്പർ 2-ന്റെ തലക്കെട്ടിലെ "....... ക്ഷേമ പദ്ധതി" എന്നത് 'ക്ഷേമനിധി പദ്ധതി' എന്ന് തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

68. ഫാറം നമ്പർ 5-ന്റെ അവസാനഭാഗത്തും, ഫാറം നമ്പർ 6-ന്റെ ആദ്യഭാഗത്തും ചേർത്തിരിക്കുന്ന 'ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസർ' എന്നത് 'ജില്ലാ ഭാഗ്യക്കുറി ക്ഷേമ ഓഫീസർ' എന്ന് തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

69. ഖണ്ഡിക 30(1) പ്രകാരമുള്ള പെൻഷൻ ലഭിക്കുന്നതിന് അപേക്ഷിക്കേണ്ട ഫാറം നമ്പർ 7-ന്റെ തലക്കെട്ട് 'സൂപ്പറാന്വേഷൻ പെൻഷനുള്ള അപേക്ഷ' എന്നതിനു പകരം 'പെൻഷനുള്ള അപേക്ഷ' എന്ന് തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

70. ഫാറം നമ്പർ 7-ലെ ക്രമനമ്പർ 15-ൽ 'അർഹതപ്പെട്ട പെൻഷൻ തുക' എന്ന് ചോദിച്ചിരിക്കുന്നതും, ഫാറം നമ്പർ 8-ന്റെ ക്രമനമ്പർ 16, 22 എന്നിവയിലും, ഫാറം നമ്പർ 9-ന്റെ ക്രമനമ്പർ 18-ലും 'അർഹതപ്പെട്ട തുക' എന്ന് ചോദിച്ചിരിക്കുന്നതും, ഫാറം നമ്പർ 13-ലെ ക്രമനമ്പർ 12-ൽ 'അർഹതപ്പെട്ട ധനസഹായതുക' എന്ന് ചോദിച്ചിരിക്കുന്നതും ഉചിതമല്ലാത്തതിനാൽ അവ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

71. ഫാറം നമ്പർ '11' പ്രസവാനുകൂല്യത്തിനുള്ള അപേക്ഷ ആയതിനാലും, പ്രസവാനുകൂല്യത്തിന് വനിതാ അംഗങ്ങൾക്ക് മാത്രമാണ് അർഹത എന്നതിനാലും പ്രസ്തുത ഫാറത്തിന്റെ സത്യപ്രസ്താവനയിലെ 'അപേക്ഷകന്റെ ഒപ്പ്/ വിരലടയാളം' എന്നത് 'അപേക്ഷകയുടെ ഒപ്പ്/വിരലടയാളം' എന്നും, ഫാറത്തിലെ ഓഫീസ് ഉപയോഗത്തിനുള്ള ഭാഗത്ത് ചേർത്തിരിക്കുന്ന "...... രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിരിക്കുന്നു ......." എന്നത് "പ്രസവാനുകൂല്യമായി അനുവദിച്ചിരിക്കുന്നു" എന്നും തിരുത്തൽ വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

72. ‘7’ മുതൽ ‘13’ വരെയുള്ള ഫാറങ്ങളുടെ രണ്ട് പകർപ്പ് സമർപ്പിക്കണമെന്ന് ഖണ്ഡിക 39(1) ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത വിവരവും പ്രസ്തുത ഫാറങ്ങൾ ഓരോന്നിനോടുമൊപ്പം ഏതെല്ലാം രേഖകൾ സമർപ്പിക്കേണ്ടതുണ്ട് എന്നതും കുറിപ്പായി ‘7’ മുതൽ ‘13’ വരെയുള്ള ഫാറങ്ങളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

എസ്.ആർ.ഒ. നമ്പർ 756/2011, തീയതി 30-11-2011

[ജി.ഒ.(പി) നമ്പർ 180/2011/നിവ. തീയതി 30-11-2011]

73. ആക്ടിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ‘കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്’ രൂപീകരിച്ചു കൊണ്ടുള്ളതാണ്. എസ്.ആർ.ഒ. നമ്പർ 756/2011.

74. ആക്ടിലെ 6-ാം വകുപ്പ് (3)(ഇ) ഉപവകുപ്പ് പ്രകാരം ബോർഡിൽ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഭാഗ്യക്കുറി ഏജന്റുമാരെയും വില്പനക്കാരെയും പ്രതിനിധാനം ചെയ്യുന്ന ഏഴ് അനൗദ്യോഗിക അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ എസ്.ആർ.ഒ. നം. 756/2011 പ്രകാരം രൂപീകൃതമായ ബോർഡിൽ ആകെ രണ്ട് അനൗദ്യോഗിക അംഗങ്ങളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആക്ടിലെ 6-ാം വകുപ്പ് (3)(ഇ) ഉപവകുപ്പ് പ്രകാരം ഏഴ് അനൗദ്യോഗിക അംഗങ്ങളെയും ബോർഡിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**പൊതു ശുപാർശ**

75. കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രികളിൽ ഭാഗ്യക്കുറി വില്പനയ്ക്കായി കൗണ്ടർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

76. സംസ്ഥാനത്തിന്റെ പ്രധാന നികുതിയേതര വരുമാനമായ ഭാഗ്യക്കുറിയുടെ സാമ്പത്തിക വിജയത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി ഉദ്ദേശിച്ച രീതിയിൽതന്നെ ഫലപ്രാപ്തിയിലെത്തുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. അതിന് അനുസരിച്ചത് ഫലപ്രാപ്തി യിലെത്തുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 ഡിസംബർ 20.